ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

377 (1462) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ബജനാവിൽ നിന്നും പിൻവലിച്ച തുകയെത്ര;

(സി) പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലെ പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം

378 (1463) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി-കൊയിലാണ്ടി അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 4 വർഷത്തിനകം പ്രസ്തുത പാലം നിർമ്മാണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രവൃത്തി നടപ്പിലാക്കുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ ഭരണാനുമതി നൽകിയെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചില്ല. അതിനാൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം കുറയ്ക്കുന്നതിനുവേണ്ടി പാലത്തിന്റെ ഡിസൈനിൽ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly